പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2307 18.02.2016-ൽ മറുപടിക്ക്

'വയനാട് ജില്ലയിലെ ചികിത്സാ സൗകര്യങ്ങൾ '

ചോദ്യം
ശ്രീ.കെ.കെ.ലതിക

മറുപടി
ശ്രീ.വി.എസ്.ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ചികിത്സാ സൗകര്യങ്ങൾ കുറഞ്ഞ വയനാട് ജില്ലയിൽ കേന്ദ്ര സഹായത്തോടെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ആരംഭിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; | എ) | വയനാട്ടിൽ ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു കേന്ദ്രം സ്ഥാപിക്കുന്നതിനായി 1,90,21,000/- രൂപ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ നബാർഡ് സഹായമായി 250 ലക്ഷം രൂപ നൽകുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) | നിലവിലുണ്ടായിരുന്ന ചികിത്സാ സൗകര്യങ്ങൾ തന്നെ കാര്യക്ഷമമായി നടപ്പാക്കുന്നതിൽ സർക്കാരിന് വീഴ്ച വന്നതായുള്ള വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽ വന്നിട്ടുള്ള വാർത്തകൾ പരിശോധിച്ച് നിലവിലുള്ള സൗകര്യങ്ങൾക്കനുസരിച്ച് വേണ്ട ചികിത്സാ സൗകര്യങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നുണ്ട് |
| സി) | വയനാട്ടിലെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പ്രഖ്യാപിച്ച സൗകര്യങ്ങൾ നടപ്പാക്കുന്നതിനും സർക്കാർ വേണ്ടത്ര പരിഗണന കാണിക്കാതിരുന്നുവെന്ന ആക്ഷേപത്തിന്റെ കാരണം വിശദമാക്കുമോ? | സി) | വയനാട്ടിലെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പ്രഖ്യാപിച്ച സൗകര്യങ്ങൾ നടപ്പാക്കുന്നതിനും സർക്കാർ മുന്തിയ പരിഗണന നൽകിവരുന്നു.<br>ജില്ലയിലെ ആരോഗ്യമേഖല ശക്തിപ്പെടുത്തുന്നതിനായി നടപ്പിലാക്കിവരുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെപ്പറയുന്നു. |

| | | | |
|---|---|---|---|
| | | | മാനന്തവാടി ജില്ലാ ആശുപത്രി - സർജിക്കൽ കോംപ്ലക്സ് നിർമ്മാണം, ട്രോമാകെയർ നിർമ്മാണം, 75 കിടക്കകളുള്ള വാർഡിന്റെ നിർമ്മാണം, നവജാത ശിശു തീവ്രപരിചരണ യൂണിറ്റ്, ഓപ്പറേഷൻ തീയറ്റർ ആധുനികവത്കരണം, ലിഫ്റ്റ്, ജനറേറ്റർ കണക്ഷൻ പാസേജ്, സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം, ഡയാലിസിസ് യൂണിറ്റ്<br>താലൂക്ക് ആശുപത്രി, ബത്തേരി - ഓപ്പറേഷൻ തീയറ്റർ നവീകരണം, കേന്ദ്രീകൃത ഓക്സിജൻ യൂണിറ്റ്, എയർ കണ്ടീഷണിങ്ങ്, നവജാത ശിശു തീവ്രപരിചരണ യൂണിറ്റ്, ഭൂമിക കൗൺസിലിംഗ് സെന്റർ<br>ജനറൽ ആശുപത്രി, കൽപ്പറ്റ – പുതിയ കെട്ടിട നിർമ്മാണം, എച്ച്.ടി.ലൈൻ കണക്ഷൻ, ജീവനക്കാരുടെ താമസ സൗകര്യം, ഡി.ഇ.ഐ.സി. ഇലക്ട്രിസിറ്റി, വാട്ടർ കണക്ഷൻ<br>വൈത്തിരി താലൂക്ക് ആശുപത്രി -<br>വാർഡ് നവീകരണം, ജീവനക്കാരുടെ താമസ സൗകര്യം<br>നബാർഡ് - കാപ്പുകുന്ന്, ചെതലയം, ബേഗൂർ എന്നീ പി.എച്ച്.സി.കളുടെ കെട്ടിട നിർമ്മാണം. |

സെക്ഷൻ ഓഫീസർ